പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1103 20-3-2012-ൽ മറുപടിയ്ക്ക്.

## മലപ്പുറം ജില്ലയിൽ പുതിയ താലൂക്ക് രൂപീകരണം.

**ചോദ്യം**

ശ്രീ.റ്റി.എ.അഹമ്മദ് കബീർ

(എ) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള മലപ്പുറം ജില്ലയിൽ പുതിയ താലൂക്കുകൾ രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം പുതിയ താലൂക്കുകളാണ് മലപ്പുറം ജില്ലയിൽ രൂപീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**ഉത്തരം**

ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ
( റവന്യു വകുപ്പ് മന്ത്രി)

(എ & ബി) ജനസംഖ്യ, ഭൂവിസ്തൃതി ത്രീതല പഞ്ചായത്ത് സംവിധാനം, പിന്നോക്കാവസ്ഥ തുടങ്ങിയവയുടെ അടിസ്ഥാത്തിൽ താലൂക്കുകളുടെ - യും വില്ലേജുകളുടെയും പുനഃസംഘടന/രൂപീകരണം സംബന്ധിച്ച് ലാന്റ് റവന്യു കമ്മീഷണറേറ്റും സർക്കാർ റവന്യു വകുപ്പും സംയുക്തമായി 2007 -ൽ ഒരു പഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്മേൽ അന്തിമ തീരുമാനം എടുത്തിട്ടില്ല. റിപ്പോർട്ട് വിശദമായി പരിശോധിച്ച് സർക്കാരിനു- ണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യതയും അനുബന്ധ പ്രശ്നങ്ങളും കണക്കി - ലെടുത്ത് നയപരമായ തീരുമാനം കൈക്കൊണ്ടതി- നു ശേഷം മാത്രമേ മലപ്പുറം ജില്ലയിൽ പുതിയ താലൂക്ക് രൂപീകരിക്കുന്ന കാര്യത്തിൽ തീരുമാനം എടുക്കുവാൻ കഴിയുകയുള്ളു.

സെക്ഷൻ ഓഫീസർ.